"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലായി 9 അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ(എം) വകുപ്പ്

സ.ഉ.(കൈ) നം.76/2026/H&FWD തീയതി,തിരുവനന്തപുരം, 05-03-2026

പരാമർശം:- ആരോഗ്യവകുപ്പ് ഡയറക്ടറുടെ 22.09.2025 തീയതിയിലെ DHS/20071/2024-PLB1 നമ്പർ കത്ത്

ഉത്തരവ്

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ "ലക്ഷ്യ" നിലവാരത്തോടു കൂടിയ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ നിർമ്മാണം പൂർത്തിയായ സാഹചര്യത്തിൽ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഡെലിവറി പോയിന്റും ലക്ഷ്യ സമുച്ചയവും പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം 9 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

ക്രമ നം	തസ്തികയുടെ പേര്	ശമ്പള സ്കെയിൽ	എണ്ണം
1	ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ്	63700-123700	1
2	നഴ്സിംഗ് ഓഫീസർ ഗ്രേഡ് II	39300-83000	5
3	നഴ്സിംഗ് അസിസ്റ്റന്റ്	24400-55200	1

4	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II	23000-50200	2
	ആകെ		9

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ, കാസർഗോഡ്

സൂപ്രണ്ട്, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി, കാസർഗോഡ്

ധനകാര്യ വകുപ്പ് (3389505/HLT-B1/5/2026-FIN)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 3786)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി (HEALTH-M1/429/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Rashmi D
Date: 05-03-2026 14:00:09

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 02-03-2026

ഫയൽ നം. എം1/429/2025/ആരോഗ്യം. ഇനം നം: 3786

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

4/3/26
AS

3786

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. ഫയൽ നമ്പർ	എം1/429/2025- ആരോഗ്യം
2. വകുപ്പ്	ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്
3. വിഷയം	കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് - സംബന്ധിച്ച്.
4.മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	26.02.2026
5. (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ ? (II) ഉണ്ടെങ്കിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ?	ഉണ്ട് ഉണ്ട്
6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	ഇല്ല
7.കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്	ശ്രീ. സുഭാഷ് ആർ
8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്	ഡോ.രാജൻ എൻ ഖോബ്രഗഡെ
9. മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	26.02.2026
10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	ഡോ. എ ജയതിലക്
11. മന്ത്രിസഭയ്ക്കുള്ള കരട് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	27.02.2026
12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	ശ്രീമതി വീണാ ജോർജ്ജ്
13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	27.02.2026
14.കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	27.02.2026
15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി	
16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും.	

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ "ലക്ഷ്യ" നിലവാരത്തോടു കൂടിയ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ ആയതു പ്രവർത്തനം ആരംഭിക്കുന്നതിനായി വിവിധ വിഭാഗങ്ങളിലായി ചുവടെ ചേർത്തിരിക്കും പ്രകാരം 25 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

തസ്തിക	എണ്ണം
ജൂനിയർ കൺസൾട്ടന്റ് ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി	1
ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ്	2
ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ	2
നഴ്സിംഗ് ഓഫീസർ ഗ്രേഡ് I	5
നഴ്സിംഗ് ഓഫീസർ ഗ്രേഡ് II	5
നഴ്സിംഗ് അസിസ്റ്റന്റ്	4
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II	6
ആകെ	25

3. സംസ്ഥാനത്തെ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 23.12.2025 ലെ സ.ഉ(കൈ) നം. 436/2025/H&FWD പ്രകാരം സൃഷ്ടിച്ച സ്പെഷ്യാലിറ്റി /സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകളിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ –2, ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി –1, ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ –1 എന്നീ തസ്തികകൾ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലേയ്ക്ക് അനുവദിച്ചിരുന്നു.

4. മേൽ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി സമർപ്പിച്ചപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

" കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഡെലിവറി പോയിന്റും ലക്ഷ്യ സമുച്ചയവും പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിന് ചുവടെ ചേർക്കും പ്രകാരമുള്ള 9 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഭരണ വകുപ്പിന് അനുമതി നൽകുന്നു.

ക്രമ നം	തസ്തികയുടെ പേര്	ശമ്പള സ്കെയിൽ	പുതുതായി സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം
1	ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ്	63700-123700	1
2	നഴ്സിംഗ് ഓഫീസർ ഗ്രേഡ് II	39300-83000	5
3	നഴ്സിംഗ് അസിസ്റ്റന്റ്	24400-55200	1
4	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II	23000-50200	2
	ആകെ		9

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5. ഇത്തരത്തിൽ 9 തസ്തികകൾ സൃഷ്ടിക്കുമ്പോൾ പ്രതിവർഷം ഏകദേശം 52,11,570/- രൂപയുടെ അധിക സാമ്പത്തിക ബാധ്യത പ്രതീക്ഷിക്കുന്നു.

6. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

തീരുമാനിക്കേണ്ട സംഗതി

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചതും വിവിധ വിഭാഗങ്ങളിൽ ഉൾപ്പെട്ടതുമായ മേൽ ഖണ്ഡിക 4 ൽ പരാമർശിച്ചിരിക്കുന്ന 9 തസ്തികകൾ സൃഷ്ടിക്കാമോ ?